ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.07.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി കേന്ദ്രസർക്കാരിന്റെ നേതൃത്വത്തിൽ നാളെ സർവകക്ഷി യോഗം; ബജറ്റ് അവതരണം ചൊവ്വാഴ്ച.
   **Govt Convenes all-party meeting on Sunday ahead of budget session of parliament; Budget presentation will be held on Tuesday.**
2. ലോക പൈതൃക സമിതിയുടെ 46-ാമത് സമ്മേളനം നാളെ ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും.
   **PM Narendra Modi will inaugurate the 46th session of the World Heritage Committee in New Delhi tomorrow.**
3. കേരളത്തിൽ മലപ്പുറത്ത് നിപ വൈറസ് ബാധ സ്ഥിരീകരിച്ചു; ജാഗ്രത ശക്തമാക്കി ആരോഗ്യ വകുപ്പ്.
   **Nipah virus confirms in Malappuram district of Kerala; The health department has stepped up vigilance.**
4. സമുദ്ര മലിനീകരണം പ്രതിരോധിക്കുന്നതിന് ശക്തമായ ബോധവത്കരണം ആവശ്യമാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.
   **Union Minister of State George Kurien says that strong awareness is needed to prevent marine pollution.**
5. ടി 20 വനിതാ ക്രിക്കറ്റിൽ ശ്രീലങ്കയ്ക്കെതിരെ ബംഗ്ലാദേശിന്റെ ബാറ്റിംഗ് പുരോഗമിക്കുന്നു.
   **In T20 women's cricket, Bangladesh's batting progresses against Sri Lanka**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## GOVT - ALL PARTY MEET

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി കേന്ദ്രസർക്കാരിന്റെ നേതൃത്വത്തിൽ നാളെ സർവകക്ഷി യോഗം ചേരും. പാർലമെന്റിൻറെ വർഷകാല സമ്മേളനം തിങ്കളാഴ്ച ആരംഭിക്കാനിരിക്കെ ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പ് വരുത്താൻ നാളത്തെ യോഗത്തിൽ എല്ലാ പാർട്ടികളോടും സർക്കാർ അഭ്യർഥിക്കും. ചൊവ്വാഴ്ചയാണ് കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമൻ ബജറ്റ് അവതരിപ്പിക്കുന്നത്. മൂന്നാം നരേന്ദ്രമോദി സർക്കാരിൻറെ ആദ്യ ബഡ്ജറ്റാണിത്. അടുത്തമാസം 12 വരെയാണ് പാർലമെൻറ് ചേരുന്നത്. രാജ്യത്തിൻറെ ഭാവിയെക്കുറിച്ചുള്ള കേന്ദ്രസർക്കാരിൻറെ കാഴ്ചപ്പാടുകൾ നടപ്പിലാക്കാൻ പ്രാപ്തമായ ഒന്നായിരിക്കും ഈ ബഡ്ജറ്റെന്ന് പാർലമെൻറിൻറെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യവേ നേരത്തെ രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞിരുന്നു.

&&&&&&&&&&&&&&&&&&

## MODI - NEW ZEALAND PM

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണുമായി ടെലിഫോൺ സംഭാഷണം നടത്തി. വരും വർഷങ്ങളിൽ ഉഭയകക്ഷി സഹകരണം പുതിയ ഉയരങ്ങളിലെത്തിക്കാനുള്ള പ്രതിജ്ഞാബദ്ധതയും ഇരുനേതാക്കളും ചർച്ച ചെയ്തു. വിവിധ മേഖലകളിൽ പരസ്പര പൂരകമായ ഉഭയകക്ഷി സഹകരണം മുന്നോട്ട് കൊണ്ടുപോകാൻ ഇരുവരും സമ്മതിച്ചു. അതേസമയം, ന്യൂസിലൻഡിലെ ഇന്ത്യൻ പ്രവാസികളുടെ താൽപ്പര്യങ്ങൾ കാത്തുസൂക്ഷിച്ചതിന് പ്രധാനമന്ത്രി നരേന്ദ്രമോദി ലക്സണോട് നന്ദി പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## INDIA-WORLD HERITAGE

ലോക പൈതൃക സമിതി സമ്മേളനത്തിന് ഇന്ത്യ ആതിഥേയത്വം വഹിക്കുന്നതിലൂടെ രാജ്യത്തിന്റെ സാംസ്കാരിക മഹത്വം പുതിയ ഉയരങ്ങളിലേക്ക് എത്തുമെന്ന് കേന്ദ്ര സാംസ്കാരിക ടൂറിസം

മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത്. നാളെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ആരംഭിക്കുന്ന ലോക പൈതൃക സമിതിയുടെ 46-ാമത് സമ്മേളനത്തിന് മുന്നോടിയായി നടത്തിയ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യ ആദ്യമായി ആതിഥേയത്വം വഹിക്കുന്ന പരിപാടി, നാളെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. സമ്മേളനം ഈ മാസം 31ന് സമാപിക്കും.

&&&&&&&&&&&&&&&&&&

## PM - KAMALA PUJARI

പത്മശ്രീ പുരസ്കാര ജേതാവ് കമല പൂജാരിയുടെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അഗാധ ദുഖം രേഖപ്പെടുത്തി. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിൽ കമല പൂജാരി നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## NADDA - INDIA CHEM 2024

രാജ്യത്തെ അഞ്ച് ട്രില്യൺ സമ്പദ്‌വ്യവസ്ഥയിലെത്തിക്കാൻ രാസവള രാസവസ്തു വ്യവസായത്തിൽ നിന്ന് ഇന്ത്യയ്ക്ക് വിലയേറിയ സംഭാവന ആവശ്യമാണെന്ന് കേന്ദ്ര മന്ത്രി ജെ പി നഡ്ഡ പറഞ്ഞു. വ്യവസായത്തിന് ആവശ്യമായ എല്ലാ നയപരിപാടികൾക്കും ഇടപെടലുകൾക്കും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ഇന്ത്യാ കെം 2024-ൻ്റെ പ്രാരംഭ ചടങ്ങിൽ അദ്ദേഹം പറഞ്ഞു. ഒക്ടോബർ 17-ന് മുംബൈയിലെ ബോംബെ എക്സിബിഷൻ സെൻ്ററിലാണ് മൂന്ന് ദിവസത്തെ പരിപാടി സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

## EVE FOREIGN SEC - BHUTAN

വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രിയും ഭൂട്ടാൻ വിദേശകാര്യ സെക്രട്ടറി ഓം പെമ ചോടേനും തിമ്പുവിൽ നടക്കുന്ന മൂന്നാമത് ഇന്ത്യ - ഭൂട്ടാൻ വികസന സഹകരണ ചർച്ചകളിൽ പങ്കെടുത്തു. 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പാക്കാനുള്ള സംയുക്ത പദ്ധതി ശുപാർശകൾ യോഗത്തിൽ അവതരിപ്പിച്ചു.

വിവിധ മേഖലകളിൽ 4,958 കോടി രൂപയുടെ 61 പദ്ധതികളാണ് ഇരു രാജ്യങ്ങളും ചേർന്ന് നടപ്പാക്കുന്നത്.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## MALAPPURAM - NIPAH

കേരളത്തിൽ മലപ്പുറം പാണ്ടിക്കാട് പനി ബാധിച്ച പതിനഞ്ചുകാരന് നിപ വൈറസ് ബാധ സ്ഥിരീകരിച്ചു. എൻഐവി പൂനെയിലേക്ക് അയച്ച സ്രവത്തിൻറെ പരിശോധനയിൽ ഫലം പോസിറ്റീവാണ്. കോഴിക്കോട് വൈറോളജി ലാബിലെ ഫലം പോസിറ്റീവാണെന്ന് നേരത്തെ മന്ത്രി വീണാ ജോർജ് വ്യക്തമാക്കിയിരുന്നു. ഇതേത്തുടർന്ന് ജാഗ്രതാ നടപടികൾ ആരോഗ്യവകുപ്പ് ശക്തമാക്കി. കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ഗുരുതരാവസ്ഥയിലുള്ള കുട്ടിയെ മെഡിക്കൽ കോളേജിലേക്ക് മാറ്റും. കുട്ടിയുടെ സമ്പർക്ക പട്ടിക കണ്ടെത്തി ഐസൊലേറ്റ് ചെയ്യും. മോണോക്ലോണൽ ആൻറിബോഡി നാളെ എത്തുമെന്നും മന്ത്രി അറയിച്ചു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറന്നു. കൺട്രോൾ റൂം നമ്പർ 0483-27 32 01 0. നമ്പർ ഒരിക്കൽ കൂടി 0483-27 32 01 0.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## CUFOS GEORGE KURIAN

സമുദ്ര മലിനീകരണം പ്രതിരോധിക്കുന്നതിന് ശക്തമായ ബോധവത്കരണം ആവശ്യമാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. ജലജീവികളിലെ രോഗം സ്ഥിരീകരിക്കുന്ന റഫറൽ ലബോറട്ടറി കൊച്ചി കുഫോസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ ഫിഷറീസ് മേഖലയ്ക്കും സമുദ്രഗവേഷണത്തിനും വലിയ പ്രാധാന്യമാണ് നൽകുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി. ഫിഷറീസ് സമുദ്ര ശാസ്ത്ര മേഖലയിൽ സുസ്ഥിര വികസന പദ്ധതി നടപ്പാക്കാനായി മനുഷ്യ വിഭവ ശേഷി സംഭാവന ചെയ്യാൻ കഴിയുന്ന പ്രധാന പരിശീലന കേന്ദ്രമായി കുഫോസ് വളർന്നു

വരുന്നതിൽ കേരളീയർക്ക് അഭിമാനമുണ്ടെന്ന് പരിപാടിയിൽ പങ്കെടുത്ത മന്ത്രി സജി ചെറിയാൻ പറഞ്ഞു.

&&&&&&&&&&&&&&&&&&&

## KARNATAKA - LANDSLIDE

കർണാടക ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശിയായ ലോറി ഡ്രൈവർ അർജുനായുള്ള തെരച്ചിൽ ഊർജ്ജിതമായി പുരോഗമിക്കുന്നു. സൂറത്കൽ NIT യിൽ നിന്നുള്ള സംഘത്തിൻറെ നേതൃത്വത്തിൽ റഡാർ പരിശോധന തുടരുകയാണ്. രാവിലെ 6 മുതൽ ദേശീയ-സംസ്ഥാന ദുരന്ത പ്രതിരോധ സേന, അഗ്നി ശമന സേന, പോലീസ് എന്നി വിഭാഗങ്ങൾ സംഭവസ്ഥലത്തു സജീവമാണ്. കേന്ദ്രമന്ത്രി എച്ച്.ഡി കുമാരസ്വാമി സ്ഥലത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തി. അതേസമയം രക്ഷാപ്രവർത്തനത്തിന് സൈന്യത്തെ നിയോഗിക്കണമെന്ന് ആവശ്യപ്പെട്ട് അർജുൻ്റെ കുടുംബം പ്രധാനമന്ത്രി നരേന്ദ്ര മോദി, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി എന്നിവർക്ക് ഇ-മെയിൽ അയച്ചു. രക്ഷാപ്രവർത്തനം ഏകോപിപ്പിക്കാനുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ നടത്തി വരികയാണെന്ന് മന്ത്രി എ കെ ശശീന്ദ്രൻ പറഞ്ഞു. കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയും ഇന്ന് സ്ഥലം സന്ദർശിക്കും.

&&&&&&&&&&&&&&&&&&&

## SOUTHERN RAILWAY -PALAKKAD

ദക്ഷിണ റെയിൽവേ പാലക്കാട് ഡിവിഷൻ വിഭജനം സംബന്ധിച്ച് മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകൾ തെറ്റാണെന്ന് റയിൽവേ വ്യക്തമാക്കി. പാലക്കാട് ഡിവിഷൻ വിഭജിച്ച ശേഷം, മംഗളൂരു മേഖല പുതിയ ഡിവിഷനിൽ ചേർക്കാൻ തീരുമാനിച്ചതായ വാർത്തകൾക്ക് യാഥാർത്ഥ്യവുമായി ബന്ധമില്ലെന്നും ദക്ഷിണ റെയിൽവേ അറിയിച്ചു. ഇത് സംബന്ധിച്ച ചർച്ചകളോ കൂടിയാലോചനകളോ നടന്നിട്ടില്ലെന്നും ഡിവിഷണൽ റെയിൽവേ മാനേജർ അരുൺ കുമാർ ചതുർവേദി പറഞ്ഞു. മംഗളൂരുവിൽ

കഴിഞ്ഞദിവസം ചേർന്ന യോഗം മേഖലയിലെ റെയിൽവേ വികസനം സംബന്ധിച്ച കാര്യങ്ങൾ മാത്രമാണ് ചർച്ച ചെയ്തതെന്നും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&&

## BANGLADESH – INDIAN RETURN (INTRO)

ബംഗ്ലാദേശിൽ വിദ്യാർത്ഥി പ്രക്ഷോഭം രൂക്ഷമായ സാഹചര്യത്തിൽ ആയിരത്തോളം ഇന്ത്യൻ വിദ്യാർത്ഥികൾ രാജ്യത്തേക്ക് മടങ്ങി.

**വിശദാംശങ്ങളിലേക്ക്... (വോയ്സ്)**

## BANGLADESH – INDIAN RETURN (VOICE)

778 വിദ്യാർത്ഥികൾ വിവിധ തുറമുഖങ്ങൾ വഴിയും, ഇരുനൂറോളം വിദ്യാർത്ഥികൾ വിമാന മാർഗം വഴിയും ഇന്ത്യയിലേക്ക് മടങ്ങിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇന്ത്യ ബംഗ്ലാദേശ് അന്താരാഷ്ട്ര അതിർത്തിയിൽ സുരക്ഷിതമായ യാത്രയ്ക്കായി ധാക്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷനും അസിസ്റ്റൻ്റ് ഹൈക്കമ്മീഷനുകളും നടപടികൾ സ്വീകരിച്ചുണ്ട്. ബംഗ്ലാദേശിലെ വിവിധ സർവകലാശാലകളിൽ അവശേഷിക്കുന്ന നാലായിരത്തിലധികം വിദ്യാർത്ഥികളുമായി നിരന്തരം ബന്ധപ്പെടുകയും ആവശ്യമായ സഹായം നൽകുകയും ചെയ്യുന്നു. നേപ്പാൾ, ഭൂട്ടാൻ എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ അഭ്യർത്ഥന പ്രകാരം ഇന്ത്യയിലേക്ക് കടക്കാൻ സഹായിച്ചിട്ടുണ്ടെന്നും മന്ത്രാലയം അറിയിച്ചു.
ന്യൂസ് ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&&

## HEALTH MINISTRY-COVID DEATH

2020-ൽ ഇന്ത്യയിൽ റിപ്പോർട്ട് ചെയ്ത കോവിഡ് മരണനിരക്ക് സംബന്ധിച്ച് 'സയൻസ് അഡ്വാൻസസ് എന്ന ജേണലിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടുകൾ അംഗീകരിക്കാനാവാത്തതാണെന്ന് കേന്ദ്ര സർക്കാർ. ജേണലിലെ പഠനം തെറ്റാണെന്നും ഗുരുതരമായ പിഴവുകളുണ്ടെന്നും കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## WOMENS CRICKET RESULT

വനിതാ ഏഷ്യാ കപ്പ് ടി 20 ക്രിക്കറ്റിൽ ശ്രീലങ്ക- ബംഗ്ലാദേശ് മത്സരം പുരോഗമിക്കുന്നു. ആദ്യം ടോസ് നേടിയ ബംഗ്ലാദേശ് ബാറ്റിംഗ് തിരഞ്ഞെടുക്കുകയായിരുന്നു. ഒടുവിൽ വിവരം കിട്ടുമ്പോൾ ബംഗ്ലാദേശ് ഓവറിൽ വിക്കറ്റ് നഷ്ടത്തിൽ റൺ നേടിയിട്ടുണ്ട്.

ഇന്ന് നടന്ന ആദ്യ മത്സരത്തിൽ മലേഷ്യയ്ക്കെതിരെ തായ്‌ലൻഡ് 22 റൺസിന് ജയിച്ചു. 134 റൺസ് വിജയലക്ഷ്യം പിന്തുടർന്ന മലേഷ്യയ്ക്ക് 20 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 111 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ.

&&&&&&&&&&&&&&&&&&

## NADDA-STREET VENDORS PROGRAM

രാജ്യത്തെ തെരുവോര കച്ചവടക്കാർക്ക് പി എം സ്വനിധി പദ്ധതിയിലൂടെ 8,600 കോടി രൂപയുടെ വായ്പ ഇതുവരെ വിതരണം ചെയ്തതായി കേന്ദ്ര മന്ത്രി ജെ പി നഡ്ഡ. തെരുവോരങ്ങളിലെ ഭക്ഷണ വിൽപനക്കാർക്കായി FSSAI ആരംഭിച്ച പോർട്ടൽ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തെരുവോരങ്ങളിലെ ഭക്ഷണ വിൽപനക്കാർക്കുള്ള പരിശീലന പരിപാടിയുടെ ഭാഗമായിയാണ് പോർട്ടൽ അവതരിപ്പിച്ചത്. പരിശീലന സർട്ടിഫിക്കറ്റിലൂടെ കച്ചവടം വർധിപ്പിക്കാൻ സാധിക്കുമെന്നും ശ്രീ നഡ്ഡ പറഞ്ഞു.

&&&&&&&&&&&&&&&&&&

## EVE. AMIT SHAH-JHARKHAND

ഹേമന്ത് സോറൻ്റെ നേതൃത്വത്തിലുള്ള ജാർഖണ്ഡ് സർക്കാർ, രാജ്യത്തെ ഏറ്റവും അഴിമതി നിറഞ്ഞ സർക്കാരാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത് ഷാ. റാഞ്ചിയിൽ ബിജെപിയുടെ വിപുലീകരിച്ച പ്രവർത്തക സമിതിയെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ ഷാ. ഒരു എംപിയുടെ വസതിയിൽ നിന്ന് മുന്നൂറ് കോടി രൂപയും ജാർഖണ്ഡ് മന്ത്രിയുടെ പിഎ യുടെ പക്കൽ നിന്നും 30 കോടിയും കണ്ടെടുത്തു. ബംഗ്ലാദേശിൽ നിന്നുള്ള നുഴഞ്ഞുകയറ്റം മൂലം സംസ്ഥാനത്തിൻ്റെ ജനസംഖ്യാക്രമം

മാറിക്കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. നുഴഞ്ഞുകയറ്റത്തെ സോറൻ സർക്കാർ ശ്രദ്ധിക്കുന്നില്ലെന്നും വോട്ട് ബാങ്കായി കണക്കാക്കുന്നുവെന്നും ശ്രീ ഷാ ആരോപിച്ചു.

&&&&&&&&&&&&&&&&&&

**CHENNAI-GAS LEAK**

തമിഴ്നാട്ടിലെ തൂത്തുകുടിയിൽ അമോണിയ ചോർന്നതിനെ തുടർന്ന് 24 തൊഴിലാളികൾക്ക് ശ്വാസ തടസ്സം അനുഭവപ്പെട്ടു. ഇവരെ ഉടൻ തന്നെ ആശുപത്രിയിലേക്ക് മാറ്റി. പാണ്ഡ്യപുരത്തുള്ള മത്സ്യ സംസ്കരണ ഫാക്ടറിയിൽ ഷോർട്ട് സെർക്യൂട്ട് ഉണ്ടായതിനെ തുടർന്നാണ് അമോണിയ ചോർന്നത്. സംഭവത്തിൽ അന്വേഷണം ആരംഭിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&